പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3043 | 07.11.2019 ൽ മറുപടിക്ക്

## സംസ്ഥാനത്തിന്റെ റെയിൽവേ വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ<br>,, ജോൺ ഫെർണാണ്ടസ്<br>,, പി.കെ. ശശി<br>,, കെ. ആൻസലൻ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജിക്കാനുള്ള തമിഴ് നാടിന്റെ നിരന്തര സമ്മർദ്ദം നിലവിൽ റെയിൽവേ വികസനകാര്യത്തിൽ ഏറ്റവും അവഗണിക്കപ്പെടുന്ന സംസ്ഥാനത്തിന്റെ താല്പര്യത്തെ ഏറെ ഹനിക്കുന്നതാകയാൽ അത്തരം നീക്കവുമായി മുന്നോട്ട് പോകരുതെന്നും സംസ്ഥാനം ആസ്ഥാനമായി സോൺ എന്ന ആവശ്യം അംഗീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് വീണ്ടും ആവശ്യപ്പെടുമോ;<br><br>(ബി) കോഴിക്കോട് റെയിൽവേ സ്റ്റേഷൻ സ്വകാര്യവൽക്കരിക്കാനും തിരുവനന്തപുരം എറണാകുളം റൂട്ടിൽ സ്വകാര്യ ട്രെയിൻ അനുവദിക്കാനുമുള്ള നീക്കം സംസ്ഥാനത്തെ യാത്രക്കാരുടെ താല്പര്യത്തിന് ഗുണകരമാണോ; പകരം, റെയിൽവേ നേരിട്ട് വികസന പ്രവർത്തനം നടത്തണമെന്ന് ആവശ്യമുന്നയിക്കാൻ സാധിക്കുമോ;<br><br>(സി) കൊച്ചുവേളി, നേമം ടെർമിനലുകളുടെ വികസനം സമയബന്ധിതമായി പൂർത്തിയാക്കുക, സംസ്ഥാനത്തെ | (എ)<br>യും<br>(ബി)<br>യും<br>(സി)<br>യും | തിരുവനന്തപുരം-തിരുനെൽവേലി പാതയും, നാഗർകോവിൽ - കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കുന്നതിനും, തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചു വരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുമുള്ള ചില ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, ഈ വിഷയത്തിൽ ഇടപെടണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടൽ മൂലം തിരുവനന്തപുരം ഡിവിഷന്റെയോ മധുരൈ ഡിവിഷന്റെയോ അധികാരപരിധി പുനർ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും റെയിൽവേയുടെ പരിഗണനയിൽ ഇല്ല എന്ന് കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചിട്ടുണ്ട്. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യമാണ് ഉള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ടായിരുന്നു. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ |

| | |
|---|---|
| പ്രധാന സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക തുടങ്ങിയ ദീർഘകാല ആവശ്യങ്ങളിൽ അനുകൂല പ്രതികരണം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ? | ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക സോൺ രൂപവൽകരിക്കാനുള്ള സ്ഥിതി വിശേഷം ഇപ്പോൾ ഇല്ല എന്ന തീരുമാനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്.<br><br>കോഴിക്കോട് റെയിൽവേ സ്റ്റേഷൻ സ്വകാര്യവൽക്കരിക്കാനും തിരുവനന്തപുരം എറണാകുളം റൂട്ടിൽ സ്വകാര്യ ട്രെയിൻ അനുവദിക്കാനുമുള്ള നീക്കം സംസ്ഥാനത്തെ യാത്രക്കാരുടെ താല്പര്യത്തിന് ഹാനികരമാണെന്നും ആയതിനാൽ സ്വകാര്യ വൽക്കരണ തീരുമാനത്തിൽ നിന്നും പിന്മാറണമെന്ന് റെയിൽവേയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സ്വകാര്യ വൽക്കരണ നടപടികളുമായി റെയിൽവേ മുന്നോട്ട് പോയ സാഹചര്യത്തിൽ പി.പി.പി മോഡൽ വഴിയായി രാജ്യത്തെ റെയിൽവെ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് പുനർ വികസിപ്പിക്കുന്ന പദ്ധതിയിൽ കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകൾ ഉൾപ്പെടുത്തുകയും, ടി പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് റെയിൽവെ സ്റ്റേഷന്റെ നവീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകണമെന്നും റെയിൽവെ ആവശ്യപ്പെടുകയുമുണ്ടായി. ഇതനുസരിച്ച് കോഴിക്കോട് റെയിൽവെ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പുനർ വികസനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി കോഓർഡിനേറ്റിംഗ് ഓഫീസറെയും പാർട്ട്നേഴ്സിനെയും തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ വർക്കല-ശിവഗിരി റെയിൽവെ സ്റ്റേഷൻ വികസനം വിവിധ് കോർപ്പറേഷനും ഇന്ത്യൻ റെയിൽവെ സ്റ്റേഷൻ കോർപ്പറേഷൻ ലിമിറ്റഡും (IRSDC) സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൊച്ചുവേളി ടെർമിനലിന്റെ വികസനം അനന്തമായി നീളുന്നത് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ടി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തിയാക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നേമം റെയിൽവേ ഇരട്ടിപ്പിക്കലിനും പുതിയ കോച്ചിംഗ് ടെർമിനൽ |

സ്ഥാപിക്കുന്നതിനുമായി തൈയ്ക്കാട്, തിരുമല, നേമം, പള്ളിച്ചൽ വില്ലേജുകളിൽപ്പെട്ട 15 ഹെക്ടർ സ്ഥലം 2013 ലെ എൽ.എ.ആർ.ആർ നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 2013 ലെ എൽ.എ.ആർ.ആർ നിയമപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സാമൂഹ്യാഘാതപഠനം നടന്നുവരുന്നു. സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്.

സംസ്ഥാനത്തോട് റെയിൽവേ കാട്ടുന്ന അവഗണനകൾ അവസാനിപ്പിക്കണമെന്നും കേരളത്തിന്റെ ആവശ്യങ്ങളിൽ അനുകൂല തീരുമാനം കൈക്കൊള്ളണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 10.07.2019 ന് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് വീണ്ടും കത്ത് അയച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ